പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2045 17.03.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ പ്രശ്നങ്ങൾ -ഒത്തുതീർപ്പ് വ്യവസ്ഥകൾ

**ചോദ്യം** **ഉത്തരം**

ശ്രീ. എളമരം കരീം :

തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ പ്രശ്നങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലുണ്ടായ ഒത്തുതീർപ്പ് വ്യവസ്ഥകളിൽ ഏതെല്ലാമാണ് നടപ്പായത് എന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 22.12.2014ന് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ കോർപ്പറേഷൻ നടപ്പാക്കി വരികയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഒക്ടോബർ മാസത്തെ പെൻഷൻ തുക യോഗ തീരുമാന പ്രകാരം 24.12.2014ന് തന്നെ വിതരണം ചെയ്തു. ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പെൻഷൻ തുകയും (15000 രൂപ വരെ) അതതു മാസങ്ങളിലും നവംബർ മാസത്തെ കുടിശ്ശിക (15000/- രൂപ വരെ) 10.03.2015-നും വിതരണം ചെയ്യുകയുണ്ടായി.<br>2. എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും 200 കോടി രൂപ വായ്പ ലഭ്യമാക്കുന്നതിനായി സർക്കാർ ഗ്യാരന്റി ആവശ്യപ്പെട്ട് സർക്കാരിനെ കോർപ്പറേഷൻ സമീപിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.<br>3. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പ മറ്റു പൊതുമേഖലാ ബാങ്കുകളിലേക്ക് ദീർഘകാല വായ്പയാക്കി മാറ്റുന്നതിനായി ഉപദേശക സ്ഥാപനമായി M/s. SBI CAPITAL MARKETS Ltd. എന്ന സ്ഥാപന |

| | | | |
|---|---|---|---|
| | | | ത്തെ കോർപ്പറേഷൻ നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച Financial Information Memorandum തയ്യാറാക്കി വായ്പ ലഭ്യമാക്കുന്നതിനായി പൊതുമേഖലാ ബാങ്കുകൾക്ക് സമർപ്പിച്ചു കഴിഞ്ഞു.<br>4. സർക്കാർ വായ്പ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിലേക്കായി കോർപ്പറേഷൻ വിശദമായ proposal സർക്കാരിന് സമർപ്പിച്ചു കഴിഞ്ഞു. ഇക്കാര്യം സർക്കാരിന്റെ പരിശോധിച്ചുവരുന്നു.<br>5. കെ.എസ്.ആർ.ടി.സി ബസ്സ് യാത്രികരിൽ നിന്നും സാമൂഹിക സുരക്ഷ സെസ് ഇനത്തിൽ തുക ഈടാക്കുക വഴി എല്ലാ യാത്രക്കാർക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതാണ്. ഇതിനുള്ള നടപടി പൂർത്തീകരണ ഘട്ടത്തിലാണ്.<br>6. നഷ്ടത്തിലോടുന്ന സർവ്വീസ്സുകൾ പുനഃക്രമീകരിച്ച് ലാഭത്തിലാക്കുക വഴി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നതാണ്. 1500റോളം സർവ്വീസുകൾ നാളിതു വരെ പുനഃക്രമീകരിച്ചു കഴിഞ്ഞു.<br>7. ബസ്-ജീവനക്കാർ അനുപാതം ദേശീയ ശരാശരിയ്ക്ക് ഒപ്പമാക്കുക, ആയതിലൂടെ ചെലവ് ചുരുക്കാൻ കഴിയും. ഇതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>8. കൊറിയൽ, പബ്ലിക്ക് ഇൻഫർമേഷൻ സിസ്റ്റം, എ.റ്റി.എം. കൗണ്ടർ, സ്ഥല സൗകര്യമുള്ള യൂണിറ്റുകളിൽ ഇന്ത്യൻ കോഫി ഹൗസ് എന്നിവ നടപ്പാക്കുന്നതിലൂടെ ടിക്കറ്റ് ഇതര റവന്യൂ വരുമാനം വർദ്ധിക്കുന്നതാണ്. ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു.<br>9. ആധുനിക ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് |

| | | | |
|---|---|---|---|
| | | | വാടകയ്ക്ക് നൽകുന്നതുവഴി സർവ്വീസ് ഇതര വരുമാനം വർദ്ധിക്കുന്നതാണ്. ഈ കെട്ടിടങ്ങളിലെ വാണിജ്യ പ്രാധാന്യമുള്ള സ്ഥലം ലേലം ചെയ്യുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>10. മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരാനായി മിഡിൽ ലെവൽ മാനേജ്മെന്റിലേയ്ക്ക് 40% പേരെ നേരിട്ട് റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ കേരള പി.എസ്.സിയിൽ നടന്നുവരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സിയെ സംബന്ധിച്ച് പഠനം നടത്താൻ വിദഗ്ധ സമിതിയെ നിയോഗിക്കുമെന്ന തീരുമാനം നടപ്പാക്കാത്തത് എന്ത് കൊണ്ടാണ്? | (ബി) | കെ.എസ്.ആർ.ടി.സി ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള ശാശ്വത പരിഹാരം നിർദ്ദേശിക്കുന്നതിനുവേണ്ടി പഠനം നടത്തുവാൻ താൽപര്യമുള്ള വ്യക്തികളെ / സ്ഥാപനങ്ങളെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ